കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചവറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018 -19

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി2/1385 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി – 15.1.2021

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചവറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചവറ ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം.പി.2/1385/2020, തീയതി – 15.01.2021

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 26.11.2018 മുതൽ 08.11.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. മാത്യൂ റോയ്. കെ. പി. | |
| | | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.11.2020 മുതൽ 17.11.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ബിജി വർഗ്ഗീസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി. പ്രീത. എസ്. എസ്. | ഓഡിറ്റ് ഓഫീസർ. |
| | | ശ്രീമതി. അനു. കെ. ആനന്ദ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ. കെ തങ്കമണിപിള്ള | 01.04.18 മുതൽ 31.03.19 വരെ |

| | | | |
|---|---|---|---|
| സെക്രട്ടറി | : | ശ്രീ. ഡി പ്രസന്നൻപിള്ള | 01.04.2018 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ശ്രീമതി മഞ്ജു ആർ വി | 01-4-2018മുതൽ 05.06-2018 വരെ |
| | | കാലയളവിൽ ആർക്കും ചുമതല നൽകിയിട്ടില്ല. | 06.062018 മുതൽ 07.06.2018 വരെ |
| | | ശ്രീമതി ഇന്ദു എസ് | 08.06.2018 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതിഎം പി ശിഖാദേവി | 01.04.2018 മുതൽ 01.07.2018വരെ |
| | | ശ്രീമതി സബിത എസ് | 02.07.18 മുതൽ 31.10.18 വരെ |
| | | ശ്രീമതി അൽക്ക എസ് | 01.11.2018 മുതൽ 31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | | ശ്രീമതി തേജസ്വീ ഭായി | 01.04.2018 മുതൽ 11.05.2018 വരെ |
| | | കാലയളവിൽ ആർക്കും ചുമതല നൽകിയിട്ടില്ല. | 12.05.2018 മുതൽ 13.05.2018 വരെ |
| | | ശ്രീമതി പ്രീത സി (ഇൻചാർജ്) | 14.05.2018 മുതൽ 24.05.2018 വരെ |
| | | ശ്രീ ജ്യോതിഷ് ജേക്കബ് ചെറുകര | 25.05.2018 മുതൽ 15.10.2018 വരെ |
| | | ശ്രീ. രാജേഷ് കുമാർ | 16.10.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ. ബീന ഡി വി | 01.04.2018 മുതൽ 30.09.2018 വരെ |
| | | ഡോ. കെ ലാലി | 01.10.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട് താലൂക്ക് ആശുപത്രി നീണ്ടകര | | ഡോ. റുബൈദത്ത് | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ സി എച്ച് സി തെക്കുംഭാഗം | | ഡോ. ജാസ്മിൻ റ്റി ജേക്കബ് | 01.04.2018 മുതൽ 30.04.2018 വരെ |
| | | ഡോ. അനുപമ | 01.05.2018 മുതൽ 28.06.2018 വരെ |
| | | ഡോ. അനൂപ് എസ് | 29.06.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി എച്ച് സി ചവറ | ഡോ. അച്ചാമ്മ എ എസ് | 01.04.18 മുതൽ 11.03.2019 വരെ |
| | ഡോ. നീതുജലീൽ | 12.03.2019 മുതൽ 31.03.19 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി റീന തോമസ് | 01.04.2018 മുതൽ 29.11.2018 വരെ |
| | ശ്രീ. രാകേഷ് എ | 30.11.2018 മുതൽ 06.12.2018 വരെ |
| | ശ്രീമതി കവിത പി വി | 07.12.2018 മുതൽ 24.01.2019 FN വരെ |
| | ശ്രീമതി സെമിന ബീഗം | 24.01.2019 AN മുതൽ 31.03.19 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ പ്രശാന്ത് ജി എസ് | 01.04.2018 മുതൽ 13.09.2018 വരെ |
| | ഈ കാലയളവിൽ ആർക്കും ചുമതല നൽകിയിട്ടില്ല | 14.09.2018 മുതൽ 18.09.2018 വരെ |
| | ശ്രീമതി ശ്രീലേഖ | 19.09.2018 മുതൽ 05.12.2018 വരെ |
| | ഈ കാലയളവിൽ ആർക്കും ചുമതല നൽകിയിട്ടില്ല | 06.12.2018 മുതൽ 12.12.2018 വരെ |
| | ശ്രീമതി ബബീന മറിയ വൈ | 13.12.2018 മുതൽ 31.03.19 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ അനിൽ കുമാർ ജി | 01.04.18 മുതൽ 31.03.19 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി ഗിരിജ | 01.04.18 മുതൽ 31.07.18 വരെ |
| | ഈ കാലയളവിൽ ആർക്കും ചുമതല നൽകിയിട്ടില്ല | 01.08.2018 മുതൽ 05.08.2018 വരെ |
| | ശ്രീമതി ശ്രീകല ബി എസ് | 06.08.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |

| | | |
|---|---|---|
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല. | 1-12 |
| 13 | രസീതുകൾ പരിപാലിക്കുന്നതിലെ അപാകതകൾ | 1-13 |
| 14 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-14 |
| 15 | കോൺഫറൻസ് ഹാൾ നവീകരണവും മൈക്ക് സെറ്റ് സ്ഥാപിക്കലും - നിർമ്മാണത്തിൽ അപാകതകൾ. | 1-15 |
| 16 | ചവറ സി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല. | 1-16 |
| 17 | നെൽകൃഷിക്ക് കൂലിചെലവ് -സബ്സിഡി -ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല. | 1-17 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 27 | കോൺഫറൻസ് ഹാൾ നവീകരണവും മൈക്ക് സെറ്റ് സ്ഥാപിക്കലും – അപാകതകൾ നഷ്ടം – 125107/- രൂപ | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 28 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 29 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകള് | 4-11 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |
| 40 | സംക്ഷിപ്തം | അനുബന്ധം2 |



## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

21.03.2018 തീയതിയിലെ 01(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.02.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.05.2019 | - | - |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12716945/- രൂപ |
| വരവ് | 77990123/- രൂപ |
| ആകെ | 90707068/- രൂപ |
| ചെലവ് | 72740356/- രൂപ |
| നീക്കിയിരിപ്പ് | 17966712/- രൂപ |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 37545000 | 37545000 | 30303144 | 7241856 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13298000 | 13298000 | 9583942 | 3714058 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4452000 | 4452000 | 3678272 | 773728 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 9212 | 372 | 9584 | 0 | 9584 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 0 | 140000 | 140000 | 90000 | 50000 |
| | ജില്ലാ പഞ്ചായത്ത് | 563897 | 12435116 | 12999013 | 5157451 | 7841562 |
| റ്റി.എസ്.സി | | 1147118 | 47291 | 1194409 | 4920 | 1189489 |
| നിർമ്മൽ പുരസ്കാർ | | 1410942 | 58300 | 1469242 | 0 | 1469242 |
| SIGH- SHG | | 7436 | 264 | 7700 | 0 | 7700 |
| CHC Building Fund | | 79039 | 2802 | 81841 | 0 | 81841 |
| NABARD RIDF | | 0 | 3400000 | 3400000 | 1926368 | 1473632 |
| TREASURY TSB | | -472524 | 4008478 | 3535954 | 500164 | 3035790 |
| മറ്റ് അക്കൌണ്ടുകൾ | | 9971825 | 14332142 | 24303967 | 72740356 | 2807872 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 96 | 70057075 | 67 | 43565358 | 0 | 29 | 69.79 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2020-ന് ബി.ഡി.ഒ. ശ്രീ. ജോയി റോഡ്സ്. എസ് - ന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക്പഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ, മാനവൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ

പരിപാലിക്കുന്നില്ല. വരവിനങ്ങളുടെ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നു.
ആസ്തി രജിസ്റ്ററിൽ എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തികളുടേയും, പർച്ചേസുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ബ്ലോക്ക്പഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ഓടയും സ്ലാബും നിർമ്മാണ പ്രവൃത്തികളിൽ 1:4:8 ഡ്രെയിൻബെഡ് കോൺക്രീറ്റ് ചെയ്തശേഷം അതിനുമുകളിലായി 6 എം.എം സിമന്റ് പ്ലാസ്റ്റർ മിക്സ് 1:3 വ്യാപകമായി ചെയ്തിരിക്കുന്നു. കൂടാതെ കെട്ടിടങ്ങൾക്ക് സാധാരണയായി ഉപയോഗിക്കുന്ന ഗ്രാനൈറ്റ് ഫലകം ഇത്തരം പ്രവൃത്തികളിൽ വ്യാപകമായി ഉപയോഗിച്ചിരിക്കുന്നു. ഇത് അധികചെലവിന് കാരണമാകുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2020 മുതൽ 25.09.2020 വരെ | 2020-21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2019 | 2014-15 മുതൽ 2018-19 വരെ | 27.05.2019 |

1-11 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) 'B-3 ഷെഡ്യൂൾ പ്രകാരം capital contribution - 44,38,066/- രൂപയാണ്. B11 ലെ ആസ്തികളുടെ മൂല്യം + B11(a)= 54141374/- രൂപയാണ്. വ്യത്യാസം 9,760,708/- രൂപ ടി തുക മെയിന്റനൻസ് ഗ്രാന്റ് - തനത് ഫണ്ടിൽ നിന്നും ആസ്തിയായി ചെലവഴിച്ചിട്ടുള്ളതാണെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ബില്ലിൽനിന്നും ഈടാക്കിയ CGST-SGST തുകയായ 39629/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റിനത്തിലുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.
4. *"capital work in progress' '* എന്ന ഹെഡിൽ [B-11(a)] തൻവർഷം 4,25,000/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അസി. എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം തൻവർഷം പാർട്ട്ബിൽ നൽകിയിരിക്കുന്നത് 4,16,826/- രൂപയാണ്.
5. 31.03.19 ലെ ലോൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കത്തതിനാൽ ലോൺ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. കോ-ഓപ്പറേറ്റീവ് ബാങ്ക് ഹാജരാക്കിയ നീക്കിയിരുപ്പ് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് 61504/-രൂപയാണ്. എന്നാൽ B-5 ഷെഡ്യൂൾ പ്രകാരം ബാലൻസ് 55942/- രൂപയാണ്.

6. കറന്റ് ചാർജ്, പെട്രോൾ ചാർജ് എന്നീ ഇനങ്ങളിൽ തൻവർഷത്തെ ചെലവ് അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് B-9 ഷെഡ്യൂളിൽ പ്രൊവിഷൻ നൽകിയിട്ടില്ല.
7. ജോയിന്റ് വെഞ്ച്വർ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വരവ് വന്നതായി RP-31 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 140000/- രൂപ, 12435116/- രൂപ, 336000/- രൂപ എന്നീ തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
8. IAY Admin, IAY PMAY Fund, SGSY എന്നീ ഫണ്ടുകളുടെ വരവ് വാർഷിക ധനകാര്യപത്രികയിൽ RP-31 പത്രികയിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

1-12 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല.

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന സംയുക്തപദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ 800000/- രൂപ തടസ്സപ്പെടുത്തുന്നു.വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക / ഫണ്ടിനം | ചെലവ് തുക ബിൽ നം – തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | തടസ്സപ്പെടുത്തുന്ന തുക (രൂപ) |
|---|---|---|---|---|
| 1 | അംഗൻവാടി കെട്ടിട നിർമ്മാണം – പ്രോജക്ട് നം. 12/18-19<br>300000 - വികസന ഫണ്ട്(ജനറൽ) | 300000<br>16/18-19<br>തീ. 17-8-18 | ചവറ ഗ്രാമപഞ്ചായത്ത് | 300000 |
| 2 | ഐ.കെ.എമ്മിന് വിഹിതം നല്കൽ<br>പ്രോജക്ട് നം. 4/18-19<br>50000/- | 50000/-<br>ബിൽ നം. 4/18-19<br>തീ. 23/6/18 | ഐ.കെ.എം | 50000/- |
| 3 | കേരളാ സാമൂഹ്യ<br>സുരക്ഷാമിഷൻ - ബ്ളോക്ക് വിഹിതം<br>പ്രോജക്ട് നം. – 135/18-19<br>350000/- (വികസന ഫണ്ട്-ജനറൽ) | 350000/-<br>59/18-19<br>തീ. 22/3/19 | കേരളാ സാമൂഹ്യ സുരക്ഷാമിഷൻ | 350000/ |
| 4 | ബഡ്സ് റീഹാബിലിറ്റേഷൻ<br>സെൻറർ<br>പ്രോജക്ട് നം. 49/18-19<br>100000/- (വികസന ഫണ്ട്) | 100000/-<br>ബിൽ നം-52/18-19 തീ. 11-1-19 | പന്മന ഗ്രാമ പഞ്ചായത്ത് | 100000/- |

| | | | | |
|---|---|---|---|---|
| | ആകെ | | | 800000/- |

ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം 5/17-11-20ന് മറുപടി ലഭിച്ചിട്ടില്ല.
തടസ്സപ്പെടുത്തിയ തുക – 8,00,000/- രൂപ

1-13 രസീതുകൾ പരിപാലിക്കുന്നതിലെ അപാകതകൾ

48544/എബി1/13/ത.സ്വ.ഭ.വ തീയതി 22.04.14 നമ്പർ സർക്കുലർ പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുമ്പോൾ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും Day Book അതാത് ദിവസംതന്നെ പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി ഓരോ വർഷവും പ്രത്യേകം സൂക്ഷിക്കണം. അതുപോലെ രസീതുകളുടെ കൗണ്ടർ ഫോയിൽ, റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിലും രസീതും ദിവസക്രമത്തിൽ അടുക്കി കൃത്യമായി സൂക്ഷിക്കണം. ഇത് കൃത്യമായി ചെയ്യുന്നുണ്ടെന്ന് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് എന്നിവർ പ്രത്യേക ശ്രദ്ധചെലുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ചവറ ബ്ലോക്ക് പഞ്ചായത്തിൽ അതാത് ദിവസംതന്നെ Day Book പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. രസീതുകളുടെ കൗണ്ടർ ഫോയിൽ, റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിലും രസീതും ദിവസക്രമത്തിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 0450092 മുതൽ 0459000 വരെയുമുള്ള സീരിയൽ നമ്പറുകളിലുള്ള സാംഖ്യ രസീതുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവ സ്റ്റോക്കിലെടുക്കുകയോ അതിനായി ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയതിനെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

മാനവൽ രസീതുകളിൽ അവശേഷിക്കുന്ന പേജുകൾ ഓരോ സാമ്പത്തിക വർഷം കഴിയുമ്പോഴും ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2014 മുതൽ 491-ാം നമ്പർ രസീതു ബുക്കുതന്നെയാണ് ഉപയോഗിച്ചു വരുന്നത്. കൂടാതെ മാനവൽ രസീതുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നിലവിൽ മാനവൽ രസീതുകൾ ബ്ലോക്ക് പഞ്ചായത്തിൽ നീക്കിയിരുപ്പുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.
പ്രോജക്ട് നം. – S058/19

അടങ്കൽ - 26,00,000/- രൂപ (വികസനഫണ്ട്-എസ്.സി.പി)

ചെലവ് – 24,50,000/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുന്നതിനായി 'പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി' എന്ന പ്രോജക്ട് പ്രകാരം പഠനമുറി നിർമ്മിക്കുന്നതിനായി 24,50,000/- രൂപ വകയിരുത്തി. പഠനമുറി അനുവദിച്ച 13 ഗുണഭോക്താക്കളിൽ ആദ്യ രണ്ടുഗഡു കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം | പേര്, വിലാസം | നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അമൽ രാജ് ആർ, രാസ്ക, വടുതല, പന്മന | 50000 | 2/18-19/28.11.18 |
| | | 100000 | 9/18-19/27.12.18 |
| 2 | അതുല്യകൃഷ്ണൻ ആർ ജി, നമ്പറത്ത് തറയിൽ, മടപ്പള്ളി, ചവറ | 50000 | 4/18-19/07.12.18 |
| | | 100000 | 18/18-19/23.1.19 |

നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് ശേഷിക്കുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. മേൽ ഗുണഭോക്താക്കളെക്കൊണ്ട് പണി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

എൻക്വയറി നം. 2/12.11.2020

1-15 കോൺഫറൻസ് ഹാൾ നവീകരണവും മൈക്ക്സെറ്റ് സ്ഥാപിക്കലും - നിർമ്മാണത്തിൽ അപാകതകൾ.

പ്രോജക്ട് നം - 120/18-19

അടങ്കൽ - 925000/- രൂപ (വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)

ഫൈനൽ ബിൽ തുക - 922469/- രൂപ

ബിൽനം-തീ - 54/18-19 dt 18-1-19 - 68063/- രൂപ

– 60/18-19 dt 28/3/19 - 854406/- രൂപ

2018-19 വർഷം സെക്രട്ടറി നടപ്പിലാക്കിയ കോൺഫറൻസ് ഹാൾ നവീകരണവും മൈക്ക് സെറ്റ് സ്ഥാപിക്കലും എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിന് 125107/- രൂപയുടെ നഷ്ടം ഉണ്ടായി. (വിശദാംശത്തിന് ഖണ്ഡിക 3-1 കാണുക.)

1-16 ചവറ സി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. – 23/19

നിർവ്വഹണഉദ്യോഗസ്ഥൻ - മെഡിക്കൽ ആഫീസർ (ചവറ സി എച്ച് സി)

അടങ്കൽ തുക - 350000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)

ബിൽ നം. / തീയതി – 3/18-19/14-9-18

ചവറ സി എച്ച് സി ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 350000/- രൂപ മെഡിക്കൽ സർവ്വീസസ് കോർപറേഷന് കൈമാറിയിട്ടുണ്ട്. പക്ഷെ പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ആഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 350000/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ആഡിറ്റ് എൻക്വയറി നം. - 7/17-11-20
തടസ്സപ്പെടുത്തിയ തുക – 3,50,000/- രൂപ

1-17 നെൽക്കൃഷിക്ക് കൂലിചെലവ് - സബ്സിഡി - ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയിട്ടില്ല.
പ്രോജക്ട് നം – 88/19

നിർവ്വഹണഉദ്യോഗസ്ഥൻ - കൃഷി അസി ഡയറക്ടർ

അടങ്കൽ തുക - 250000/- രൂപ (വികസന ഫണ്ട് )
ചെലവ് – 250000/- രൂപ

ബിൽ നം /തീയതി – 1/18-19/25-10-18

നെൽക്കൃഷിക്ക് കൂലിചെലവ് – സബ്സിഡി എന്ന പദ്ധതി പ്രകാരം തേവലക്കര ഗ്രാമ പഞ്ചായത്തിന് 85000/- രൂപയും ചവറ ഗ്രാമ പഞ്ചായത്തിന് 165000/- രൂപയും നല്കിയിട്ടുണ്ട്. എന്നാൽ ചവറ കൃഷി ആഫീസർ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം 98600/- രൂപ മാത്രമാണ് ചെലവഴിച്ചത്. ബാക്കിയുള്ള 66400/- രൂപയുടെ ചെലവ് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ചവറ കൃഷി ആഫീസർ 98600/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്നും ബാക്കി തുകയായ 66400/- രൂപ ചവറ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ടെന്നും ആയത് ചവറ ബ്ളോക്ക്പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന 66400/- രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക തിരികെ ഈടാക്കി വികസന ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. വിശദാംശങ്ങൾ ആദ്യമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കോൺഫറൻസ് ഹാൾ നവീകരണവും മൈക്ക് സെറ്റ് സ്ഥാപിക്കലും - അപാകതകൾ -നഷ്ടം 125107/-രൂപ

പ്രോജക്ട് നം. - 120/18-19

അടങ്കൽ - 925000/- രൂപ (വികസന ഫണ്ട് – 68063/- , മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് – 856937/-)

ഫൈനൽ ബിൽ തുക - 922469/- രൂപ

ബിൽനം-തീ - 54/18-19 തീ- 18-1-19-68063/- രൂപ

– 60/18-19 തീ- 28/3/19-854406/- രൂപ

2018-19 വർഷം സെക്രട്ടറി നടപ്പിലാക്കിയ കോൺഫറൻസ് ഹാൾ നവീകരണവും മൈക്ക് സെറ്റ് സ്ഥാപിക്കലും എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

സിഡ്കോ തയ്യാറാക്കിയ ഫൈനൽ ബിൽപ്രകാരം തുക നല്കുന്നതിന് മുൻപ് പ്രവൃത്തിയുടെ അളവുകൾ എൽ.എസ്.ജി.ഡി. എക്സി. എൻജിനീയറെക്കൊണ്ട് സാക്ഷ്യപ്പെടുത്തുകയോ പ്രവൃത്തിയുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല. ഇതുമൂലം യഥാർത്ഥത്തിൽ ചെയ്തതിനെക്കാൾ അധികം അളവുകൾക്ക് തുക നല്കിയതായി കാണുന്നു.

കോൺഫറൻസ് ഹാൾ എൽ എസ് ജി ഡി എ ഇയുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ
4-ാം ഇനമായ conferance table

7-ാം ഇനമായ panelling work

9-ാം ഇനമായwindow curtain vertical blind

എന്നീ ഇനങ്ങളുടെ അളവിൽ സിഡ്കോയുടെ ഫൈനൽ ബില്ലുമായി വലിയ വ്യതിയാനം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1) വാൾ പാനലിംഗ്

എ ഇ യുടെ അളവ് പ്രകാരം - 721.43 sq feet

സിഡ്കോയുടെ ഫൈനൽ

ബില്ല് പ്രകാരം - 793 sq feet

വ്യത്യാസം - 793-721.43

= 71.57 sq feet

അധികം നല്കിയ തുക - 71.57 sqfx 265/s

= 18966.05/- രൂപ

2) കോൺഫറൻസ് ടേബിൾ (4-ാം ഇനം)

എ ഇ യുടെ അളവ് പ്രകാരം - 71.68 sq feet

സിഡ്കോയുടെ ഫൈനൽ

ബില്ല് പ്രകാരം - 134 sq feet

വ്യത്യാസം - 134 - 71.68

= 62.32 sq feet

അധികം നല്കിയ തുക - 62.32 sf x 1480/sf

= 92233.6 /- രൂപ

3) വിൻഡോ കർട്ടൻ (9-ാം ഇനം)

എ ഇ യുടെ അളവ് പ്രകാരം - 76.74 sq feet

സിഡ്കോയുടെ ഫൈനൽ

ബില്ല് പ്രകാരം - 116 sq feet

വ്യത്യാസം - 116-76.74

= 39.26sq feet

അധികം നല്കിയ തുക - 39.26 sq ft x 110/sf

= 4318.60/- രൂപ

4) സിഡ്കോയുടെ ഫൈനൽ ബിൽ പ്രകാരം 4 സീലിംഗ് ഫാനും 3 വാൾ ഫാനും ഫിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ 3സീലിംഗ് ഫാൻ മാത്രമാണ് ഫിറ്റ് ചെയ്തിട്ടുള്ളത്. വാൾ ഫാൻ ഫിറ്റ് ചെയ്തിട്ടില്ല.

3 വാൾ ഫാനിന്റെ വില - 7950/- രൂപ

1 സീലിംഗ് ഫാനിന്റെ വില – 1639/- രൂപ

ആകെ അധികം നല്കിയ തുക – 18966.05 + 92233.6 + 4318.60 + 7950 + 1639

= 125107.25/- = 125107/- രൂപ

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ആഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ അളവുകളിലെ വ്യതിയാനങ്ങൾക്ക് വിശദീകരണം നല്കുന്നതിന് സിഡ്കോയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിശദീകരണം നല്കുന്നതാണെന്നും വാൾ ഫാനുകളും ഒരു സീലിംഗ് ഫാനും മെയിൻ കോൺഫറൻസ് ഹാളിലേക്കാണ് ഉപയോഗിച്ചതെന്നും വയറിംഗ് വർക്കുകൾ ആവശ്യമായതിനാൽ ഫിറ്റ് ചെയ്യാൻ കഴിഞ്ഞില്ല എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്.

എന്നാൽ മേൽ മറുപടിയിൽ പറയുന്ന വിവരങ്ങൾ ആഡിറ്റ് ടീമിനെ ബോദ്ധ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നല്കിയ 125107/- രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

ആഡിറ്റ് എൻക്വയറി നം. – 1/16-11-20

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.08.2019 മുതൽ 20.08.2019 വരെ | കെ.എസ്.എ.കെ.എൽ.എം.പി2/1268/19 തീയതി 02.09.2019 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക RP-31 പത്രികയിൽ സംയുക്ത പദ്ധതികൾക്കായി വില്ലേജ് പഞ്ചായത്തിൽ നിന്നും 140000/- രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 336000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 12435116/- രൂപയും വരവ് വന്നതായി കാണിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ / പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| IAY ഭവന വായ്പ | - | 14505306 | 1964785 | 1908843 | 55942 |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിററ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1997-98 | 2001-02 | 2-11-(1) | വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം | അക്കൗണ്ട് കമ്മറ്റിയുടെ പരിഗണനയിൽ |
| | | 2-11-(2) | സ്വകാര്യ നേഴ്സറി-അനധികൃതമായി തുക നൽകി | അക്കൗണ്ട് കമ്മറ്റിയുടെ പരിഗണനയിൽ |
| | | 2-11-(3) | തയ്യൽ യൂണീറ്റുകൾക്ക് അനധികൃതമായി തുക നൽകി | അക്കൗണ്ട് കമ്മറ്റിയുടെ പരിഗണനയിൽ |
| | | 2-11-(4) | പഠനോപകരണങ്ങൾ വിതരണം നിബന്ധനകൾ പാലിച്ചില്ല. | അക്കൗണ്ട് കമ്മറ്റിയുടെ പരിഗണനയിൽ |
| | | 2-11-(5) | ഒരേ വ്യക്തിക്ക് ഒന്നിലധികം പ്രോജക്ടുകളും അഡ്വാൻസുകളും അനുവദിച്ചു. | അക്കൗണ്ട് കമ്മറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 90707068 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72740356 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 125107 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1216400 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 125107 | സെക്രട്ടറി,<br>ശ്രീ.ഡി പ്രസന്നൻപിള്ള |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 800000 | ശ്രീ. ഡി. പ്രസന്നൻപിള്ള, സെക്രട്ടറി |
| 1-16 | 350000 | ഡോ. അച്ചാമ്മ. എ. എസ്.,<br>മെഡിക്കൽ ഓഫീസർ സി എച്ച് സി ചവറ, |
| 1-17 | 66400 | ശ്രീ. രാജേഷ് കുമാർ, കൃഷി അസി. ഡയറക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഡി. പ്രസന്നൻപിള്ള,<br>സെക്രട്ടറി | വിരമിച്ചു | തോപ്പിൽ വീട്,<br>വടക്കുംതല പി.ഒ.<br>കരുനാഗപ്പള്ളി, കൊല്ലം. |
| ഡോ. അച്ചാമ്മ. എ. എസ്.<br>മെഡിക്കൽ ഓഫീസർ,<br>സി എച്ച് സി ചവറ, | - | ANAC<br>ആനയറ പി ഒ<br>തിരുവനന്തപുരം |
| ശ്രീ. രാജേഷ് കുമാർ,<br>കൃഷി അസി. ഡയറക്ടർ | - | അരുണിക<br>ഭാവന നഗർ, 290/A,<br>കടപ്പാക്കട, കൊല്ലം. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ.എൽ.എം./പി2/107/18(1)/തീ.3.3.18 | 4 |
| 1999-00 | - | - |
| 2000-01 മുതൽ<br>2005-06 വരെ | കെ.എസ്.എ.-കെ.എൽ.എം./പി2/107/18(3)/3.3.18 | 6 |
| 2007-08 | എൽ.എഫ്.ക്യു./ഡി.ബി/468/15/12.05.15 | 1 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.ക്യൂ./ഡി.ബി/2599/14/16.02.15 | 1 |
| 2009-10 | എൽ.എഫ്.ക്യൂ./ഡി.ബി/1542(2)/14/10.7.14 | 1 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ./ഡി.ബി/639/15/12.05.15 | 5 |
| 2012-13 & 2013-14 | കെ.എസ്.എ.-കെ.എൽ.എം./ഡി.ബി1/1758/15/5.2.16 | 13 |
| 2014-15 | കെ.എസ്.എ.-കെ.എൽ.എം./ഡി.ബി/1691/17/2.6.17 | 7 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി2/454/17/14.4.18 | 19 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി2/1937/17/23.05.2018 | 10 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി2/83/2019/01.04.2019 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ-കെ.എൽ.എം-പി.2/1385/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി: 15.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന്

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കൊല്ലം

അനുബന്ധം 2

അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കൊല്ലം